**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3416** **04-08-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത മദ്യ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്റഫ്** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2015 മുതൽ അനധികൃത മദ്യം ഉല്പാദിപ്പിച്ചതിനും അനധികൃത മദ്യം കൈവശം വെച്ചതിനും കടത്തിക്കൊണ്ട് വന്നതിനും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിൽ വാഹനങ്ങളിൽ കൊണ്ടുവന്ന സ്പിരിറ്റ്, നൂറു ലിറ്ററിൽ കൂടുതൽ മദ്യം തൊണ്ടിമുതലായത് എന്നിങ്ങനെ എത്ര കേസുകൾ ഉണ്ട് എന്ന് വിശദമാക്കുമോ; | (എ) | 2015 മുതൽ അനധികൃത മദ്യം ഉല്പാദിപ്പിച്ചതിനും, കൈവശം വച്ചതിനും, കടത്തിക്കൊണ്ട് വന്നതിനും 23770 കേസുകളും, വാഹനങ്ങളിൽ സ്പിരിറ്റ് കടത്തിക്കൊണ്ട് വന്നതിന് 31 കേസുകളും, 100 ലിറ്ററിൽ കൂടുതൽ മദ്യം തൊണ്ടിമുതലായി കണ്ടെടുത്തതിന് 130 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഈ കേസുകളിൽ എത്ര എണ്ണം ശിക്ഷിച്ചിട്ടുണ്ട്; ആയതിൽ എത്ര എണ്ണത്തിൽ പിഴയായ ഒരു ലക്ഷം രൂപ ഒടുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | 2015 മുതൽ കണ്ടെടുത്ത കേസുകളിൽ 5158 കേസുകൾ ശിക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. ടി കേസുകളിൽ 90 കേസുകൾ ഒരു ലക്ഷം രൂപ വീതം പിഴ ഒടുക്കിയിട്ടുള്ളവയാണ്. |
| (സി) | ഈ കാലയളവിൽ ഒരു കിലോ ഗ്രാമിൽ കുറവ് കഞ്ചാവ് തൊണ്ടിമുതലായി പിടിച്ചെടുത്ത കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര കേസുകൾ ശിക്ഷിച്ചിട്ടുണ്ട്; എത്ര തുക പിഴയായി ഖജനാവിലെത്തി എന്നും വിശദമാക്കുമോ; | (സി) | 2015 കാലയളവുമുതൽ ഒരു കിലോ ഗ്രാമിൽ കുറവ് കഞ്ചാവ് തൊണ്ടിമുതലായി 24920 കേസുകൾ കണ്ടെടുത്തിട്ടുണ്ട്. ടി കേസുകളിൽ 13286 കേസുകൾ ശിക്ഷിച്ചിട്ടുള്ളതും, 6,86,96,650/- രൂപ (ആറ് കോടി എൺപത്തിയാറുലക്ഷത്തി തൊണ്ണൂറ്റാറായിരത്തി അറുനൂറ്റമ്പത്) പിഴയായി ഖജനാവിൽ ഒടുക്കിയിട്ടുള്ളതുമാണ്. |
| (ഡി) | മദ്യം, കഞ്ചാവ് തുടങ്ങിയ കേസുകളിൽ തക്കതായ ശിക്ഷ ലഭിക്കുന്നതിന് അബ്കാരി ആക്ടിലെ ഏതെങ്കിലും സെക്ഷൻ ഭേദഗതിചെയ്യുന്നത് സർക്കാരിന്റെ ആലോചനയിൽ ഉണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | അബ്കാരി നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾക്ക് തക്കതായ ശിക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ട്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 20(b)(ii)A പ്രകാരം ലഘുശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. ഒരു കിലോഗ്രാമിൽ താഴെയുള്ള കഞ്ചാവ് 'Small Quantity' ആയിട്ടാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. എൻ.ഡി.പി.എസ്. നിയമം കേന്ദ്ര നിയമമായതിനാൽ ടി നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ലഹരി മരുന്നുകളുടെ 'Small Quantity, Medium Quantity, Commercial |

| | | | |
|---|---|---|---|
| | | | Quantity' അളവുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി നാർകോട്ടിക് കൺട്രോൾ ബ്യൂറോ ഡയറക്ടറോടും, കേന്ദ്ര റവന്യൂ സെക്രട്ടറിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ